# Mount Tabor LPS, Pathanapuram

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025–2026

## സ്കൂൾ തലം

## 1. ചരിത്രം

1960 -ൽ പുണ്യശ്ലോകനായ തോമ മാർ ദീവന്നാസ്യോസ് തിരുമേനിയാൽ സ്ഥാപിതമായ ഈ കലാലയം പത്തനാപുരത്തിന്റെ ഹൃദയഭാഗത്ത് പ്രൗഢിയോടെ സ്ഥിതി ചെയ്യുന്നു. ഈ പുണ്യപിതാവിന്റെ പാവനസ്മരണയുടെ മുമ്പിൽ ആദരാജ്ഞലികൾ അർപ്പിക്കുന്നു. പത്തനാപുരം ഗ്രാമപഞ്ചായത്തിലെ ൦ൗൺ വാർഡിൽ മൗണ്ട് താബോർ എൽ.പി.എസ് നിലകൊള്ളുന്നു. നമ്മുടെ സ്കൂളിനോട് ചേർന്നു തന്നെ നഴ്സറി സ്കൂളും ഒരു ഇംഗ്ലീഷ് മീഡിയം എൽ.പി.എസ് സ്കൂളും ഹയർ സെക്കന്ററി വരെയുള്ള സ്കൂളും ട്രെയിനിംഗ് കോളേജും സ്ഥിതി ചെയ്യുന്നുണ്ട്. കാലം ചെയ്ത പുണ്യശ്ലോകനായ തോമ മാർ ദീവന്നാസ്യോസ് തിരുമേനി മലയോരങ്ങളുടെയും ഗ്രാമപ്രദേശങ്ങളുടെയും കർഷക ജനങ്ങളുടെയും ക്ഷേമത്തിനായി നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അതിലൊന്നു മാത്രമാണ് നമ്മുടെ ഈ വിദ്യാഭ്യാസ സ്ഥാപനം.

ആരംഭകാലത്തിൽ ഇരുപത്തിയഞ്ചിലധികം ഡിവിഷനുകൾ നില നിന്നിരുന്ന ഈ മഹാപ്രസ്ഥാനം ഇപ്പോഴും അതിന്റെ വിജയപാതയിൽ തുടരുന്നു. മാറി വന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെയും സാമൂഹ്യവളർച്ചയുടെയും ഫലമായി ഇപ്പോൾ അഞ്ഞൂറിലധികം കുട്ടികളും 23 അധ്യാപകരും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. എൽ.കെ.ജി മുതൽ 4-ാം ക്ലാസ് വരെ ഇംഗ്ലീഷ്, മലയാളം മീഡീയങ്ങളിൽ ക്ലാസ്സുകൾ നടന്നുവരുന്നു. കലാ-കായിക ശാസ്ത്ര. ഐ.ടി പഠനവും സൗജന്യമായി നടത്തുവാനുള്ള സൗകര്യവും ഇവിടെയുണ്ട്.

ഈ സ്കൂളിൽ പഠിച്ച നിരവധി വിദ്യാർത്ഥികൾ ഡോക്ടർമാരും, എഞ്ചിനീയർമാരും മറ്റ് ഉയർന്ന ഉദ്യോഗത്തിലും കേരളത്തിനകത്തും പുറത്തും സേവനമനുഷ്ഠിക്കുന്നുണ്ട്. കലാ-കായിക പ്രതിഭകൾ, സാമൂഹിക പ്രവർത്തകർ, അധ്യാപകർ തുടങ്ങി നിരവധി പേർ ഈ സ്കൂളിന്റെ സംഭാവനയാണ്.

## 2. പദ്ധതി തയ്യാറാക്കാൻ കൂടിയ അംഗങ്ങൾ

ശ്രീമതി മേരി ഫിലിപ്പ് (എച്ച്.എം)

ശ്രീ. ഫാറൂഖ് ഖാൻ (വാർഡ് മെമ്പർ)

ശ്രീ. സി.വൈ സുനറ്റ് (പി.ടി.എ പ്രസിഡന്റ്)

ശ്രീ. ആദ്യലക്ഷ്മി (എം.പി.ടി.എ പ്രസിഡന്റ്)

ശ്രീ. റോയി മോൻ. ബി (സ്റ്റാഫ് സെക്രട്ടറി)

ശ്രീമതി. സൂസൻ ജെയിംസ് (എസ്.ആർ.ജി കൺവീനർ)

അധ്യാപകർ

## 3. ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സമഗ്രമായ വികസനമാണ്. മാനവിക മൂല്യങ്ങൾക്ക് ഊന്നൽ നൽകുന്ന ഓരോ പൊതുവിദ്യാഭ്യാസസ്ഥാപനവും ഇന്നു വളർച്ചയുടെ പാതയിലാണ്. അതിനായി ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് വിവിധ പദ്ധതികൾ നമ്മുടെ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

ഇതിന്റെ ലക്ഷ്യപ്രാപ്തിക്കായി ഓരോ അധ്യാപകരും ഉണർന്നു പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

പത്തനാപുരം മൗണ്ട് താബോർ എൽ.പി.എസും ഇന്ന് മാറ്റത്തിന്റെ പാതയിലാണ്. വിവിധ നിലവാരത്തിലുള്ള കുട്ടികൾ കഴിവുറ്റ ഒരുകൂട്ടം അധ്യാപകരുടെ നേതൃത്വത്തിൽ വളരെ മെച്ചപ്പെട്ട രീതിയിൽ വിദ്യാഭ്യാസം പൂർത്തിയാക്കി വരുന്നു. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നു. അതിനായി രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ, എൽ.എസ്.ജി ജനകീയ സംഘടനകൾ, പി.റ്റി.എ, എം.പി.റ്റി.എ എന്നിവ രൂപികരിച്ച് സമഗ്രമായ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി വരുന്നു. പണ പിന്നോക്കക്കാരായ കുട്ടികൾക്ക് എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിത്തം, സമത്വം, ഗുണനിലവാരം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ട് നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാൻ കഴിയും എന്ന പ്രതീക്ഷയോടെ.

## 4. ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ വളർച്ച കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ്സുകളിലും സ്കൂളിൽ പൊതുവായും സജ്ജമാക്കുക.
- എല്ലാ വിഷയങ്ങളിലും കുട്ടി നേടേണ്ട അടിസ്ഥാനശേഷി നേടി എന്നുറപ്പാക്കുക.
- പിന്നോക്കക്കാരായ കുട്ടികളെ ആത്മവിശ്വാസമുള്ളവരാക്കി അറിവിന്റെ ഉയർന്ന തലങ്ങളിൽ എത്തിക്കുക.
- കുട്ടികളിൽ സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യബോധങ്ങൾ വളർത്തുക.
- പ്രകൃതി ഒരു തുറന്ന പുസ്തകം എന്ന നിലയിൽ നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും വഴിയൊരുക്കുക.
- മൂല്യബോധം,ദേശസ്നേഹം, പരിസ്ഥിതി സ്നേഹം, ജനാധിപത്യ സംസ്ക്കാര ബോധം എന്നീ ചിന്തകൾ കുട്ടികളിൽ വളർത്തിയെടുക്കുക,
- ലഹരിമുക്ത, പ്ലാസ്റ്റിംക് മുക്ത, കീടനാശിനി മുക്ത അന്തരീക്ഷം സൃഷ്ടിക്കുക.
- ശിശു സൗഹൃദ വിദ്യാലയം പൂർണ്ണ അർത്ഥത്തിൽ സ്ഥാപിക്കുക.

## 5. സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം

സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് സ്കൂൾ ഉൾപ്പെടുന്ന മേഖലാ. കർഷകരും, തോട്ടം തൊഴിലാളികളുമാണ് പ്രദേശവാസികളിൽ അധികവും. സർക്കാർ ജോലിയിലുള്ളവർ വിരലിലെണ്ണാവുന്നവർ മാത്രം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള മനോഭാവം പൊതുസമൂഹത്തിൽ കടന്നുകൂടിയിട്ടുള്ളതിനാൽ മലയാളം മാധ്യമത്തിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളെ അവഗണിച്ച് അൺ എയ്ഡഡ് മേഖലയിലേക്ക് ചേക്കേറുന്നവരാണ് ഒരു വിഭാഗം കുട്ടികളും രക്ഷിതാക്കളും.

6. **വിദ്യാലയ പ്രൊഫൈൽ**

ക്ലാസ്സുകൾ, പ്രീ പ്രൈമറി, I - IV

**കുട്ടികളുടെ എണ്ണം**

| 2024 - 2025 | | | | 2025 - 2026 | | | |
|---|---|---|---|---|---|---|---|
| Class | Boys | Girls | Total | Class | Boys | Girls | Total |
| PP | 40 | 45 | 85 | | | | |
| I | 54 | 49 | 103 | | | | |
| II | 61 | 54 | 115 | | | | |
| III | 61 | 67 | 128 | | | | |
| IV | 91 | 87 | 178 | | | | |
| Total | 307 | 302 | 609 | | | | |

7. **അവസ്ഥാ വിശകലനം – കുട്ടികളുടെ പഠനനിലവാരം**

- പഠനനിലവാരത്തിൽ ഏറ്റവും മികവ് പുലർത്തുന്ന വിദ്യാലയം
- അസംബ്ലിയിൽ, ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന തലത്തിൽ വാർത്താ വായന, ദിനാചരണ ബോധവൽക്കരണക്ലാസുകൾ
- ലൈബ്രറി, പുസ്തകവിതരണവും രചന പരിചയക്കുറിപ്പ് തയ്യാറാക്കൽ
- പോസ്റ്ററുകൾ, പതിപ്പുകൾ, മോഡലുകൾ, വീഡിയോ തയ്യാറാക്കൽ
- വിവിധ കലാ - കായിക ശാസ്ത്ര പ്രവൃത്തി പരിചയ മേഖലകളിൽ പങ്കെടുത്ത് വിജയം കൈവരിക്കുകയും ചെയ്യുന്നു.

**നേട്ടങ്ങൾ**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നൽകാൻ പോയ വർഷം സാധിച്ചു. വിദ്യാലയ തനതു പ്രവർത്തനങ്ങളായ അമ്മ വായന, കുഞ്ഞുവായന, എന്റെ പരിസക പുസ്തകം, ഗണിതജാലകം തുടങ്ങിയ പ്രവർത്തനങ്ങൾ ഭംഗിയായി നടപ്പാക്കാൻ കഴിഞ്ഞു. പുസ്തകവായനയ്ക്ക് രക്ഷിതാക്കളെയും കുട്ടികളെയും ഒരുപോലെ സന്നദ്ധമാക്കിയ പ്രവർത്തനമായിരുന്നു. അമ്മ വായന, കുഞ്ഞുവായന, കുട്ടികളും രക്ഷിതാക്കളും പുസ്തകങ്ങൾ വായിക്കുകയും കുറിപ്പ് തയ്യാറാക്കുകയും സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്തു.

സബ് ജില്ല അറബി കലാമേളയിലും കായികമേളയിലും ശാസ്ത്രമേളയിലും ഫസ്റ്റ് ഓവറോൾ, സോഷ്യൽ സയൻസ് മേളയ്ക്ക് സെക്കന്റ് ഓവറോൾ, ഗണിത ശാസ്ത്രമേള, കലാമേള എന്നിവയിൽ ശ്രദ്ധേയമായ മികച്ച സ്ഥാനവും കരസ്ഥമാക്കുന്നതിനു സാധിച്ചു. അക്ഷരമുറ്റം, ക്വിസ്, ഗണിത ക്വിസ്, സംഘടനാതലത്തിലുള്ള വിവിധ ക്വിസ് മത്സരങ്ങളിലും പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങളെല്ലാം കുട്ടിയുടെ അറിവിന്റെ ലോകം വിസ്തൃതമാക്കുന്നതിന് സഹായകമായിരുന്നു.

എൽ.എസ്.എസ് പരീക്ഷയ്ക്ക് 6 കുട്ടികൾ വിജയം കരസ്ഥമാക്കി. പഠനോത്സവം മികച്ച ഉത്സവമായി നടത്തുന്നതിനും മികവു പ്രവർത്തനങ്ങൾ പൊതുസമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നതിനും ,കൂട്ടായ്മയുടെ സന്ദേശം വിളിച്ചറിയിക്കുന്നതിനും സാധിച്ചു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സന്തോഷത്തോടെ സഹകരിക്കുന്ന മാനേജ്മെന്റും, പി.റ്റി.എ, എം.എം.പി.റ്റി.എ യും വിദ്യാലയത്തിന്റെ മുതൽ കൂട്ടാണ്.

8. **നിലവിലെ അവസ്ഥാ വിശകലനം**

**പരിമിതികൾ**

800-ൽ പരം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഭൗതിക സാഹചര്യം പരിമിതമാണ്. ഹൈടെക് രീതിയിലുള്ള ക്ലാസ്മുറിയും, സ്മാർട്ട് ക്ലാസ്സും, ഭക്ഷണശാലയും നിലവിൽ കുറവാണ്. ശിശു സൗഹൃദ അന്തരീക്ഷം സംജാതമാകാനും കുട്ടികളുടെ മാനസിക ഉല്ലാസത്തിനും ഉതകുന്ന തരത്തിലുള്ള പാർക്കോ, കളിസാധനങ്ങളോ ഇല്ല. ക്ലാസ്സ് മുറികൾ പല കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും പരിമിതിയാണ്.

9. **വിദ്യാലയ വികസനം (2025-2026)**

വിദ്യാർത്ഥികളുടെ സമസ്ഥ മേഖലകളിലുള്ള വികാസം ലക്ഷ്യമിട്ടുകൊണ്ട് വൈജ്ഞാനീക - സഹവൈജ്ഞാനീക മേഖലകളിൽ പൂർണപിന്തുണ നൽകും. വിവിധ മേഖലയിലുള്ള കുട്ടികളുടെ അറിവും അന്വേഷണത്വരയും വർദ്ധിപ്പിക്കുന്നതിനും സ്കൂൾ ലൈബ്രറിയ്ക്ക് പ്രഥമസ്ഥാനം നൽകി വിപുലമാക്കും. വായനാനുഭവങ്ങൾ ക്ലാസിനും വീടിനും ഉപകരിക്കത്തവിധത്തിൽ കുറിപ്പുകൾ തയ്യാറാക്കുകയും അവ പതിപ്പുകൾ ആക്കുകയും ചെയ്യാം ഇംഗ്ലീഷ് ഭാഷാ ...... ഹലോ ഇംഗ്ലീഷ് കാര്യക്ഷമമായി നടത്തും. 4-ാം ക്ലാസ് കഴിഞ്ഞു പോകുന്ന ഓരോ കുട്ടിയും ഇംഗ്ലീഷ്, മലയാളം ഭാഷകൾ അനായാസം വായിക്കുകയും എഴുതുകയും ചെയ്യുമെന്ന് ഉറപ്പാക്കും. കുട്ടിയുടെ സമഗ്രവികസനം മുന്നിൽ കണ്ടുകൊണ്ട് സർഗ്ഗവാസനകൾ, പ്രവൃത്തിപരിചയം, പരിസ്ഥിതി സംരക്ഷണം, ദേശസ്നേഹം തുടങ്ങി എല്ലാ മേഖലകൾക്കും ഊന്നൽ നൽകി പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. നിരന്തരവിലയിരുത്തൽ പോർട്ട്ഫോളിയോ വിലയിരുത്തൽ, പഠനപ്രകിയയിലുള്ള പങ്കാളിത്തം ഇവ കൃത്യമായി വിലയിരുത്തി യഥാസമയം രക്ഷിതാവിനെ അറിയിക്കും. കമ്പ്യൂട്ടർ പഠനം കാര്യക്ഷമമാക്കും. ആരോഗ്യസുരക്ഷയ്ക്ക് ഊന്നൽ നൽകി ബോധവത്ക്കരണക്ലാസ് സംഘടിപ്പിക്കും.

വിദ്യാലയ പരിസരം ഹരിതാഭമാക്കും. പ്ലാസ്റ്റിക് നിർമാർജ്ജനം, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്ക് പ്രാധാന്യം നൽകി പ്രവർത്തനകൾ നടന്നു.

## Profile

| | | |
|---|---|---|
| 1. Name of School | : | MTLPS, Pathanapuram |
| 2. Education Sub District | : | Punalur |
| 3. Education District | : | Punalur |
| 4. Revenue District | : | Kollam |

5. CRC : GLPS, Pathanapuram
6. BRC : Punalur
7. AEO : Punalur
8. Name of Panchayathu : Pathanapuram
9. Name of Block : Pathanapuram
10. Name of District : Kollam
11. Phone No. of School : 9447182429
12. E-mail ID of school : mtlpspathanapuram
13. Name of HM : Smt. Mary Philip
    Mob No : 9447182429

***10.അധ്യാപകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ***

- ഭിന്നശേഷി കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പഠനപിന്തുണ സംവിധാനങ്ങളും അപര്യാപ്തത.
- വിവര സാങ്കേതിക വിദ്യാക്ലാസ്, ക്ലാസ് മുറികളിൽ അവതരിപ്പിക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങളുടെ അപര്യാപ്തത
- കുട്ടികളുടെ വ്യത്യസ്ത കുടുംബ പശ്ചാത്തലം
- വിദ്യാലയവുമായി രക്ഷിതാക്കൾ നല്ല ബന്ധം പുലർത്താത്തത്.
- കുട്ടികളുടെ ഹാജർ നിലയിൽ വരുന്ന കുറവ്
- കുട്ടികളുടെ പഠനത്തോടുള്ള താൽപര്യകുറവ്.

***11.ഉച്ചഭക്ഷണപരിപാടി***

സ്കൂൾ ഉച്ചഭക്ഷണപരിപാടി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എസ്.ആർ.ജി യിലും പി.റ്റി.എ യിലും ചർച്ച നടത്തി. നാടൻ ഭക്ഷണങ്ങളും ഗുണമേന്മയുള്ള ഭക്ഷണങ്ങളും ഉൾപ്പെടുത്തി സ്കൂൾ ഉച്ചഭക്ഷണ പരിപാടി ക്രമീകരക്കുന്നതിന് രണ്ട് അധ്യാപകരെ ചുമതലപ്പെടുത്തി.

***12. പോഷകാഹാര പദ്ധതി***

കുട്ടികളുടെ ആരോഗ്യത്തിന് പ്രാധാന്യം നൽകികൊണ്ട് ആഴ്ചയിൽ 2 ദിവസം പാൽ, മുട്ട, റാഗി കുറുക്ക് എന്നിവ നൽകുന്നു.

***14. ഉദ്ദേശ്യങ്ങൾ***

- ഉച്ചഭക്ഷണത്തിന് അർഹരായ മുഴുവൻ കുട്ടികളെയും കണ്ടെത്തുക.
- പോഷകസമൃദ്ധമായ ആഹാരം ഉറപ്പ് വരുത്തൽ
- വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യൽ.
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തൽ
- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ.

***തനതു പ്രവർത്തനങ്ങൾ (2025-2026)***

❖ **മാനസിക - ശാരീരിക ആരോഗ്യം**

- യോഗാ ക്ലാസ്, സൂബാ ഡാൻസ്

❖ **ഐ. റ്റി പരിശീലനം**

- ക്ലാസ്തല പരിശീലനം
- അദ്ധ്യാപക ശാക്തീകരണപരിപാടികൾ
- മോഡിലേഷൻ ക്ലാസ്

❖ **ക്ലാസ് പി റ്റി എ സജീവമാക്കൽ**

- യൂണിറ്റ് ടെസ്റ്റ്, ടേം ഇവാല്യൂഷൻ നടത്തി പഠന പുരോഗതി വിലയിരുത്തുക.
- പഠന പിന്നോക്കക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്.
- പ്രതിഭാധനരായ രക്ഷിതാക്കളെ ഉൾപ്പെടുത്തിയുള്ള പഠനപ്രവർത്തനങ്ങൾ മികവുള്ളതാകുന്നു.

❖ **പ്രവൃത്തി പരിചയപഠനം**

- അധ്യാപകരുടെ നേതൃത്വത്തിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തിയുള്ള പരിശീലന പരിപാടികൾ

❖ **ഒന്നാംക്ലാസ് ഒന്നാംതരം**

- കളികൾ, കഥകൾ, പാട്ടുകൾ, ചിത്രങ്ങൾ എന്നിവയിലൂടെ അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കൽ

❖ **എസ്.ആർ.ജി ശാക്തീകരണം**

- മാസത്തിൽ രണ്ടുതവണ എസ്.ആർ.ജി കൂടൽ
- ക്ലാസ് സമിതി കൂടി ചർച്ച
- മികവുകളും പോരായ്മകളും വിലയിരുത്തൽ
- പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക
- പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി അടുത്ത എസ്.ആർ.ജി -ൽ വിലയിരുത്തൽ

❖ **പച്ചക്കറിത്തോട്ടം**

- നല്ല പാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടനിർമ്മാണം

❖ **പോഷകാഹാര പരിപാടി**

- കുട്ടികളുടെ ആരോഗ്യത്തിന് പ്രാധാന്യം നൽകി ആഴ്ചയിൽ 2 ദിവസം പാൽ, മുട്ട, റാഗി കുറുക്ക് എന്നിവ നൽകുന്നു.
- പോഷകാഹാരം വിലയിരുത്തൽ

❖ **ടേം മൂല്യനിർണ്ണയം നിരന്തരവിലയിരുത്തൽ**

14. **കല - കായിക ശാസ്ത്ര പ്രവൃത്തി പരിചയമേളകൾ**

- ഓരോ ആഴ്ചയിലും സർഗ്ഗമേളകളിൽ കലാ പ്രവർത്തനങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തി അധ്യാപകരുടെ നേതൃത്വത്തിൽ നിരന്തരപരിശീലനം നൽകുന്നു.
- ദിനാചരണവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.
- ബോട്ടിൽ ആർട്ട്, പേപ്പർ, ഫ്ളവർ പരിശീലനം നൽകുന്നു.
- കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് നിരന്തര പരിശീലനം.

15. **<u>മൂല്യബോധം ഉറപ്പിക്കൽ</u>**

- സോഷ്യൽ സർവ്വീസ് സ്കീം
- ഗുണപാഠം ക്ലാസ്സുകൾ
- ബോധവൽക്കരണ ക്ലാസ്സുകൾ
- അഗതി മന്ദിരസന്ദർശനം
- പൊതു സ്ഥാപനങ്ങളുടെ സന്ദർശനം
- സഹപാഠിയ്ക്കൊരു കൈത്താങ്ങ്
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- ഡയറി എഴുത്ത്, അനുഭവങ്ങൾ പങ്കിടീൽ

❖ **<u>സ്റ്റുഡന്റ്സ് സേവിംഗ് സ്കീം</u>**

- സാമ്പത്തിക സുരക്ഷയും അച്ചടക്കവും വളർത്തുക
- സമ്പാദ്യശീലം ഉറപ്പിക്കുക

❖ **<u>സ്കൂൾ വാർഷികം</u>**

- പൊതുസമ്മേളനം
- റിപ്പോർട്ട് അവതരണം
- വിശിഷ്ട അതിഥികളെ ആദരിക്കൽ
- വിരമിക്കുന്ന അധ്യാപകരെ ആദരിക്കൽ
- പ്രതിഭകളെ ആദരിക്കൽ
- കുട്ടികളുടെ കലാപരിപാടികൾ
- സമ്മാനദാനം